# കേരളസർവകലാശാല

നം.പി.ആർ.61/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ആഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി & ബയോടെക്നോളജി (247), ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ) (350), ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ബി.വോക്. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് (351), ബി.വോക്. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352) എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാർച്ച് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ എം.എ. അറബിക് പ്രീവിയസ് & ഫൈനൽ (വിദൂരവിദ്യാഭ്യാസം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.കോം. (ഇന്റർനാഷണൽ ട്രേഡ്) ന്യൂജനറേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 1. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രം അടയ്ക്കേണ്ടതാണ്. മറ്റൊരു മാർഗത്തിലൂടെയും അടയ്ക്കുന്ന തുക സൂക്ഷ്മപരിശോധനയ്ക്ക് പരിഗണിക്കുന്നതല്ല.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ഒക്ടോബറിൽ വിജ്ഞാപനം ചെയ്ത എം.ടെക്. മേഴ്സിചാൻസ് – 2008 സ്കീം – ഒന്നാം സെമസ്റ്റർ (ഫുൾടൈം/പാർട്ട്ടൈം), മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം) 2013 സ്കീം – ഒന്നാം സെമസ്റ്റർ ഫുൾടൈം/പാർട്ട്ടൈം – 2023 മാർച്ച് 27 മുതൽ ഏപ്രിൽ 05 വരെ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വെച്ച് (സി.ഇ.ടി.) നടത്തുന്നതാണ്. തീസിസ് സമർപ്പിക്കേണ്ട അവസാന തീയതി 2023 മെയ് 5. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### എം.ബി.എ. (ഫുൾടൈം) – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുള്ള 2023-24 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി 2023 ഏപ്രിൽ 16 രാത്രി 10.00 മണി. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.admissions.keralauniversity.ac.in) സന്ദർശിക്കുക.

### അന്തർദേശീയ കോൺഫറൻസ്

കേരളസർവകലാശാല സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസ് അസംപ്ഷൻ യൂണിവേഴ്സിറ്റി ഓഫ് തായ്‌ലാൻഡുമായി സഹകരിച്ച് വയോജന പരിചരണത്തെക്കുറിച്ച് അന്തർദേശീയ കോൺഫറൻസ് സംഘടിപ്പിക്കുന്നു. 2023 മാർച്ച് 28, 29, 30 എന്നീ തീയതികളിൽ സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലാണ് കോൺഫറൻസ് നടത്തപ്പെടുന്നത്. ദേശീയതലത്തിലും അന്തർദേശീയതല

ത്തിലും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർ വിഷയങ്ങൾ അവതരിപ്പിക്കുന്നു. കോൺഫറൻസിൽ പങ്കെടുക്കുന്നതിനും വിശദവിവരങ്ങൾക്കും 9447221421 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം,
22.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**